File No.TRANS-B1/104/2021-TRANS

e- 287203/21

20.12 3pm

TRANSPORT COMMISSIONERATE KERALA
INWARD No:
RECEIVED ON 17 DEC 2021

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകപ്പ് - കെ.എസ്.ആർ.ടി.സി.യുടെ സിറ്റി സർക്കലർ സർവ്വീസിന് (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) താത്കാലിക നിരക്കുകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത(ബി) വകുപ്പ്

സ.ഉ.(സാധാ) നം.449/2021/ഗതാഗതം തീയതി,തിരുവനന്തപുരം, 16/12/2021

പരാമർശം:- 1. സ.ഉ.(കൈ) 61/2010/ട്രാൻ. തീയതി 19.08.2010.

2. സി.എം.ഡി., കെ.എസ്.ആർ.ടി.സി.യുടെ 23.07.2021 ലെ ടി.ആർ.1/001609/2021 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. സിറ്റി സർക്കലർ സർവ്വീസുകൾ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) എന്ന പേരിൽ തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ പരിധിയ്ക്കുള്ളിൽ ആരംഭിച്ച സർവ്വീസുകൾക്ക് നിരക്ക് നിശ്ചയിക്കുന്നതിനായി പരാമർശം(2) പ്രകാരം സി.എം.ഡി, കെ.എസ്.ആർ.ടി.സി. നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് സി.എം.ഡി. കെ.എസ്.ആർ.ടി.സി. യുടെ പരാമർശം(2)-ലെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ആരംഭിച്ച സിറ്റി സർക്കലർ സർവ്വീസിന് (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ചുവടെ ചേർത്തിരിക്കുന്ന പ്രകാരം താത്കാലിക നിരക്കുകൾ പൊതുജന താല്പര്യാർത്ഥം നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | കിലോമീറ്റർ | നിരക്ക് (Rs.) |
|---|---|---|
| 1. | 2.5 | 10 |
| 2. | 7.5 | 15 |
| 3. | 12.5 | 20 |
| 4. | 17.5 | 25 |
| 5. | 22.5 | 30 |
| 6. | 27.5 | 35 |
| 7. | 32.5 | 40 |

മേൽ നിരക്കുകൾ പരമാവധി ഈടാക്കാവുന്ന നിരക്കുകൾ ആയിരിക്കും.

കെ.എസ്.ആർ.ടി.സി.യ്ക്ക് തിരുവനന്തപുരം നഗരത്തിന്റെ പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും അതിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനുമായി ദിവസ/മാസ നിരക്കിൽ ഉള്ള പാസുകൾ/പ്രീപെയ്ഡ് ട്രാവൽ കാർഡുകൾ എന്നിവ യാത്രക്കാർക്ക് നൽകാവുന്നതാണ്.

താത്കാലിക നിരക്കുകൾ പരാമർശം(1)-ലെ ഫെയർ റിവിഷൻ കമ്മിറ്റിയുടെ പുതിയ റിപ്പോർട്ടിലെ ശിപാർശകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

സി.എം.ഡി., കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.

ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ